# സന്യസ്തർ

(ജോളി എം പടയാട്ടിൽ)

അക്ഷരങ്ങളിലല്ലഹൃത്തിലാകണം
സത്യധർമമെന്നോതി
മയങ്ങികിടക്കും ബ്രഹ്മസിംഹത്തെ
ജ്ഞാനദീപംതെളിച്ചുണർത്തി
മോഹാന്തകാരത്തിലുഴലുംമനുഷ്യനെ
സൻമാർഗദിശയിൽനയിച്ചിടുംസന്യാസിമാർ

സ്വാർഥലേശമില്ലാതെ ജീവിതം
ത്യാഗാഗ്നിയിൽ ഹോമിച്ച്
ഇഹപരജീവിതം പരാർഥമായി
ജീവിക്കാൻപഠിപ്പിച്ചഗുരുവിൻ ശിഷ്യൻമ്മാരും.

ഭൗതികജീവിതശൈലിയിൽ
ചലനമററുപോകും ഈശ്വരസങ്കൽപത്തെ
ആധ്യാൻമികതയിലുണർത്തി
ആൻമീയസമരജീവിതംനയിച്ചിടുന്നിവർ.

സ്വന്തമെന്ന്കരുതിയതെല്ലാം പരിത്യജിക്കും
നിഷ്കിഞ്ചരവർപ്രാജ്ഞനാംസന്യാസിമാർ
ആൻമനിഷ്ഠയിൽവർത്തിച്ചിടും
വാക്ചാതുര്യമില്ലാത്തകർമയോഗികളും.

വേലികളില്ലാത്ത മോഹങ്ങൾ
മാലിന്യമാക്കും മനസുകളെ
കർശനമായികാത്തിടുന്നാവൃതികളെയും പിന്നെ
കഠിനമായകാവലുകളെയുംനിഷ്പ്രഭമാക്കിടും.

ലക്ഷ്യംവിസ്മരിച്ചിടുംസന്യസ്തർ
പാഴായജൻമങ്ങളാണെങ്കിലും
തോന്ന്യാസമല്ലിസന്യാസം
ഉടമ്പടിയുടെജീവിതം
ദാരിദ്ര്യബ്രഹ്മചര്യാനുസരണങ്ങളാൽ
വൃതങ്ങളെടുത്തസമർപ്പണജീവിതം.

സ്വയമെരിഞ്ഞുതീരുംകർമയോഗികൾക്കൊരുനിണ
കാലൊന്നിടറിയാൽപിന്നെയ-
പവാദപെരുമഴയായിബ്രേക്കിങ്ങ്‌വാർത്തകളായി
മറന്നിടുന്നിവരുംമനുഷ്യജൻമങ്ങളാണെന്ന്.

ചാനൽയുഗത്തിലിരകളാക്കി കൂട്ട-
വിചാരണചെയ്തീടുന്നിവരെ.
സത്യത്തെതമസ്ക്കരിക്കും
കള്ളനാണയങ്ങളാമവർ
അസത്യങ്ങൾനിരന്തരംപുലമ്പി
സത്യങ്ങളാക്കാൻമൽസരിച്ചിടും.

കർമരംഗങ്ങളിൽജീവിതംസമർപ്പിച്ചവർ
ആക്ഷേപഹാസ്യങ്ങളിൽതളരാതെ
ദൈവീകപ്രണയത്തിൻമൂർച്ചയിൽ
സേവനവീഴ്ചയില്ലാതെതുടർന്നീടും.

***************